## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6631 — 21.11.2019 ൽ മറുപടിക്ക്

### പീലിംഗ് തൊഴിലാളികളുടെ മിനിമം കൂലി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി നോക്കുന്ന തൊഴിലാളികളുടെ മിനിമം കൂലി ഏകീകരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | തൊഴിൽ വകുപ്പിന്റെ 02.08.2018 ലെ ഉത്തരവ് പ്രകാരം കേരളത്തിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി നോക്കുന്ന പീലിംഗ് തൊഴിലാളികൾക്ക് മിനിമം വേതനം ഏകീകരിച്ച് ഉത്തരവാക്കിയിട്ടുണ്ട് |
| (ബി) | പ്രസ്തുത ഷെഡ്ഡുകളുടെ അടിസ്ഥാനസൗകര്യങ്ങൾ തീരെ അപര്യാപ്തമായതിനാൽ ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എല്ലാ പീലിംഗ് ഷെഡ്ഡുകളും സ്വകാര്യ വ്യക്തികളുടേതാണ്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |
| (സി) | ഈ തൊഴിലാളികളെ ഇ.എസ്.ഐ സ്കീമിൽപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഈ തൊഴിലാളികളെ ഇ. എസ്. ഐ, സ്കീമിൽപ്പെടുത്തുന്നതിനുള്ള നടപടി പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ